بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**22-08-2025**

# ഹുനൈൻ യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്...) യു.കെ യിലെ ഇസ്‌ലാബാദിൽ വച്ച് നിർവഹിച്ചത്.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ- بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ-

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ○ الرَّحْمٰنِ الرَّحِیْمِ○ مٰلِکِ یَوْمِ الدِّیْنِ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ○

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാതിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ അയ്യിദഹുല്ലാഹു തആലാ ബി നസ്‌റിഹിൽ അസീസ് പറഞ്ഞു:

യുദ്ധങ്ങളെ മുൻനിർത്തി നബി തിരുമേനി(സ)യുടെ സ്വഭാവവൈശിഷ്ട്യങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇന്ന് ഞാൻ ഹുനൈൻ യുദ്ധത്തെക്കുറിച്ചും വിവരിക്കുന്നതാണ്. ഈ യുദ്ധം ഹിജ്റ എട്ടാം വർഷം ശവ്വാൽ മാസത്തിലാണ് നടന്നത്. മക്കയ്ക്കും ത്വാഇഫിനും ഇടയിലുള്ള ഒരു ഗ്രാമത്തിന്റെ പേരാണ് ഹുനൈൻ. ഇത് മക്കയിൽ നിന്ന് ഏകദേശം ഇരുപത്തിയാറ് കിലോമീറ്റർ അകലെയാണ്. ഈ യുദ്ധത്തിൽ പങ്കെടുത്ത വലിയ ഗോത്രം ഹവാസിൻ ആയതുകൊണ്ട് ഇതിനെ 'ഹവാസിൻ യുദ്ധം' എന്നും വിളിക്കാറുണ്ട്. ചിലർ ഇതിനെ 'ഔത്താസ് യുദ്ധം' എന്നും വിളിച്ചിട്ടുണ്ട്, കാരണം ശത്രു സൈന്യത്തിന്റെ ഒരു ഭാഗം ഹുനൈനിൽ നിന്ന് ഔത്താസ് എന്ന താഴ്‌വരയിലേക്ക് ഓടിപ്പോയിരുന്നു. അവിടെയെത്തിയ മുസ്‌ലീങ്ങൾ ശത്രുക്കളെ പരാജയപ്പെടുത്തിയതുകൊണ്ടാണ് ഈ പേര് നൽകിയത്. എന്നാൽ മിക്ക എഴുത്തുകാരും ഔത്താസ് യുദ്ധത്തെ പ്രത്യേകമായിത്തന്നെ വിവരിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആനിൽ ഹുനൈൻ യുദ്ധത്തെക്കുറിച്ച് ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്:

തീർച്ചയായും അല്ലാഹു നിങ്ങളെ നിരവധി സ്ഥലങ്ങളിൽ സഹായിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ഹുനൈൻ ദിവസം. നിങ്ങളുടെ ആധിക്യം നിങ്ങളെ അഹംഭാവത്തിൽ അകപ്പെടുത്തി. എന്നാൽ അത് നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്തില്ല. ഭൂമി വിശാലമായിരുന്നിട്ടും നിങ്ങൾക്ക് ഇടുങ്ങിയതായി തോന്നി. പിന്നീട് നിങ്ങൾ പിന്തിരിഞ്ഞോടാൻ തയ്യാറായി നിന്നു. പിന്നീട് അല്ലാഹു തന്റെ ദൂതനും സത്യവിശ്വാസികൾക്കും മേൽ സമാധാനം ഇറക്കുകയും, നിങ്ങൾക്ക് കാണാൻ കഴിയാത്ത സൈന്യത്തെ ഇറക്കുകയും ചെയ്തു. അവൻ സത്യനിഷേധികളെ ശിക്ഷിച്ചു. അവിശ്വാസികൾക്കുള്ള പ്രതിഫലം അങ്ങനെയാണ്. പിന്നീട് അല്ലാഹു ആരെയാണോ ഉദ്ദേശിക്കുന്നത്, അവരെ അവന് പാപമോചനം നൽകി അനുഗ്രഹിക്കും. അല്ലാഹു ഏറെ പൊറുക്കുന്നവനും വളരെ കരുണയുള്ളവനുമാണ്.'

ഈ യുദ്ധത്തിന് കാരണമായത് ഇതാണ്: മക്ക കീഴടങ്ങിയപ്പോൾ അറേബ്യയിലെ വലിയ ഗോത്രങ്ങൾ അതോടെ ഇസ്‌ലാം സ്വീകരിക്കുകയോ നബി തിരുമേനി(സ)യെ അനുസരിക്കുകയോ ചെയ്തു. എന്നാൽ മക്കയുടെ അടുത്തുള്ള ധിക്കാരികളും യുദ്ധക്കൊതിയന്മാരുമായ ഹവാസിൻ, ഥഖീഫ് എന്നീ ഗോത്രങ്ങൾ കീഴടങ്ങാൻ വിസമ്മതിക്കുക മാത്രമല്ല, അവരുടെ നേതാക്കൾ ഒത്തുകൂടി ഇങ്ങനെയൊക്കെ പറയുകയും ചെയ്തു: 'മുഹമ്മദ്(സ) മക്കയടക്കം അറേബ്യയിലെ ചില ഗോത്രങ്ങളെ

തന്റെ കീഴിലാക്കിയിരിക്കുന്നു. ഇനി തീർച്ചയായും അദ്ദേഹം നമ്മുടെ നേർക്ക് മുന്നേറ്റം നടത്തുന്നാണ്. അതിനാൽ, അദ്ദേഹം നമ്മുടെ നേർക്ക് വരുന്നതിന് മുൻപ് നമ്മൾ തന്നെ അദ്ദേഹത്തെ ആക്രമിക്കുന്നതാണ് നല്ലത്.' അവർ ഇങ്ങനെയും പറഞ്ഞു:' മുഹമ്മദ്(സ) ഇന്നുവരെ വിവരമില്ലാത്ത ആളുകളുമായാണ് യുദ്ധം ചെയ്തിട്ടുള്ളത്, ഞങ്ങളുമായി അദ്ദേഹം ഇതുവരെ ഏറ്റുമുട്ടിയിട്ടില്ല.'
ഹവാസിൻ ഗോത്രത്തോടൊപ്പം ഥഖീഫ്, നസ്ർ, ജുശാം ഗോത്രങ്ങളിലെ എല്ലാ യോദ്ധാക്കളും ഒത്തുകൂടി. സഅദ് ബിൻ ബകർ ഗോത്രത്തിലെയും ബനൂ ഹിലാൽ ഗോത്രത്തിലെയും ചില ആളുകളും ചേർന്നു. ചില നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്, ഹവാസിൻ ഗോത്രം ഇതിന് മുൻപേ മുസ്‌ലീങ്ങളെ നേരിടാൻ തയ്യാറെടുപ്പ് തുടങ്ങിയിരുന്നു എന്നാണ്. കാരണം, മുഹമ്മദ് (സ) ജൂതന്മാരെയും മറ്റ് ഗോത്രങ്ങളെയും പതിയെ പതിയെ കീഴ്പ്പെടുത്തുന്നത് കണ്ടപ്പോൾ, അവർക്ക് ഉത്കണ്ഠയായി. വിഗ്രഹാരാധന അവസാനിക്കുകയും മുഹമ്മദ്(സ) തന്റെ അനുയായികളോടൊപ്പം എല്ലാവരെയും കീഴടക്കുകയും ചെയ്യുമോ എന്ന് അവർ ഭയപ്പെട്ടു. അതിനാൽ, അദ്ദേഹത്തെ തടയേണ്ടത് അത്യാവശ്യമാണെന്ന് അവർ മനസ്സിലാക്കി. ഇതിന് വേണ്ടി അവർ തയ്യാറെടുപ്പുകൾ തുടങ്ങി. ആയുധങ്ങളും യുദ്ധോപകരണങ്ങളും കൊണ്ടുവരാൻ വേണ്ടി ഉറുവ ബിൻ മസ്ഊദിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ ജോർദാനിലെ ജുർശ് നഗരത്തിലേക്ക് അയച്ചു.
നബി തിരുമേനി (സ) മക്കയുടെ വിജയത്തിനായി മദീനയിൽ നിന്ന് മക്കയിലേക്ക് പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹവാസിൻ ഗോത്രത്തിന്റെ ഈ തയ്യാറെടുപ്പുകളെക്കുറിച്ച് അറിഞ്ഞു. നബി(സ) സൈന്യത്തിന് മുന്നിൽ ചില ആളുകളെ മുന്നണിപ്പടയായി അയച്ചു. ഈ മുന്നണിപ്പട ഹവാസിൻ ഗോത്രത്തിലെ ഒരാളെ പിടികൂടി. അയാൾ ഒരു ചാരനായിരുന്നു. ഹവാസിൻ ഗോത്രത്തിന് വേണ്ടി മുസ്‌ലീങ്ങളെ നിരീക്ഷിക്കാൻ വേണ്ടി ചുറ്റിക്കറങ്ങുകയായിരുന്നു. നബിതിരുമേനി(സ) അയാളെ ചോദ്യം ചെയ്തപ്പോൾ, ഹവാസിൻ ഗോത്രം വലിയൊരു സൈന്യത്തെ ഒരുക്കിയിട്ടുണ്ടെന്നും, ഥഖീഫ് ഗോത്രത്തെയും കൂടെ ചേർത്തിട്ടുണ്ടെന്നും, വലിയ ആയുധങ്ങളും ഉപകരണങ്ങളും എടുക്കാൻ വേണ്ടി ജുർശിലേക്ക് ഒരു സംഘത്തെ അയച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞു.
ഹവാസിൻ ഗോത്രം ഇങ്ങനെ തയ്യാറെടുത്തുകൊണ്ടിരിക്കെയാണ് മക്ക വലിയ എതിർപ്പുകളൊന്നുമില്ലാതെ എളുപ്പത്തിൽ കീഴടക്കപ്പെട്ടത്. ഇത് കാരണം, ഹവാസിൻ ഗോത്രം അവരുടെ ശക്തിയിൽ മതിമറന്ന് മുഹമ്മദ്(സ)യെയും അദ്ദേഹത്തിന്റെ അനുയായികളെയും നേരിടുന്നതിനായി പുറപ്പെടാൻ തീരുമാനിച്ചു. മുസ്‌ലീങ്ങളെ കീഴടക്കി നശിപ്പിക്കാൻ തങ്ങൾക്ക് മാത്രമേ കഴിയൂ എന്ന് അവർ വിശ്വസിച്ചു. ഈ എല്ലാ ഗോത്രങ്ങളും ഹവാസിൻ ഗോത്രത്തിലെ മുപ്പത് വയസ്സുള്ള യുവനേതാവായ മാലിക് ബിൻ ഔഫിനെ തങ്ങളുടെ സൈന്യാധിപനും നേതാവുമായി തിരഞ്ഞെടുത്തു. ഇരുപതിനായിരം വരുന്ന സൈന്യം ഹുനൈനിലേക്ക് നീങ്ങാൻ തുടങ്ങി.
ഹവാസിൻ ഗോത്രത്തിന്റെ നേതാവ് മാലിക് ബിൻ ഔഫ് ഈ യുദ്ധത്തിന് വേണ്ടി അറേബ്യൻ ചരിത്രത്തിൽ ആരും ചെയ്തിട്ടില്ലാത്ത ഒരു നടപടിയാണ് സ്വീകരിച്ചത്. സൈന്യാധിപൻ ഓരോ ഗോത്രത്തിലെയും ഓരോ വ്യക്തിയോടും തന്റെ വീട്ടിൽ നിന്ന് ഒറ്റയ്ക്ക് പുറപ്പെടരുതെന്നും ഭാര്യമാരെയും കുട്ടികളെയും മാത്രമല്ല തന്റെ വളർത്തു മൃഗങ്ങളെയും എല്ലാം കൂടെ കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. സൈന്യത്തിലെ ഓരോരുത്തരും മരണഭയമില്ലാതെ സധീരം പോരാടണമെന്നാണ് അയാൾ ഇതുകൊ ണ്ട് ഉദ്ദേശിച്ചത്.
ഈ യുദ്ധത്തിൽ ജുശാം ഗോത്രത്തിലെ വൃദ്ധനായ നേതാവ് ദുറയ്ദ് ബിൻ സ്വിമ്മ യുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചതിനെക്കുറിച്ചും പരാമർശമുണ്ട്. മാലിക് ബിൻ ഔഫിനോടൊപ്പം ആളുകൾ തങ്ങളുടെ സമ്പത്തും ഭാര്യമാരും കുട്ടികളുമായി ഔത്താസ് താഴ്വരയിൽ എത്തി അവിടെ തമ്പടിച്ചപ്പോൾ വൃദ്ധനായ ദുറയ്ദ് ബിൻ സ്വിമ്മ മാലിക് ബ്നു ഔഫിന്റെ ഈ നടപടിയെ എതിർത്തു കൊണ്ട് പറഞ്ഞു: നിങ്ങൾക്ക് യുദ്ധം ചെയ്യാനറിയില്ല. ഓ ഹവാസിൻ സമൂഹമേ, അല്ലാഹുവാണെ സത്യം, ഈ അഭിപ്രായം ശരിയല്ല. ഈ വ്യക്തി നിങ്ങളുടെ സ്ത്രീകളെ അപമാനിക്കും. ഈ വ്യക്തി നിങ്ങളെ ശത്രുക്കളുടെ കയ്യിൽ ഏൽപ്പിച്ച് സ്വയം ഥഖീഫിന്റെ കോട്ടകളിൽ ഒളിച്ചുചേരും. അതിനാൽ, നിങ്ങൾ തിരികെ പോവുക, അദ്ദേഹത്തെ വിട്ടേക്ക്.'
ഇങ്ങനെ അദ്ദേഹം യുദ്ധം ചെയ്യാൻ പാടില്ലെന്ന് ഉപദേശിച്ചു. ഇതിൽ മാലിക് തന്റെ വാൾ പുറത്തെടുത്തു, എന്നിട്ട് പറഞ്ഞു, 'ഓ ഹവാസിൻ സമൂഹമേ, അല്ലാഹുവാണെ സത്യം, നിങ്ങൾ എന്നെ അനുസരി

ക്കണം, അല്ലെങ്കിൽ ഞാൻ എന്റെ എല്ലാ ഭാരവും ഈ വാളിൽ വെച്ച് എന്റെ നെഞ്ചിലൂടെ ഇറക്കും,' അതായത്, ഞാൻ ആത്മഹത്യ ചെയ്യും.

ബനൂ ഹവാസിൻ പരസ്പരം ചർച്ച ചെയ്തു. അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നമ്മൾ മാലിക്കിനെ അനുസരിച്ചില്ലെങ്കിൽ അവൻ സ്വയം മരിക്കും. അവൻ ചെറുപ്പമാണ്. മുപ്പത് വയസ്സായിട്ടേയുള്ളൂ. അപ്പോൾ നമുക്ക് ദുറയ്ദിനോടൊപ്പം നിൽക്കേണ്ടി വരും, അയാൾ വൃദ്ധനാണ്, അയാളോടൊപ്പം യുദ്ധം ചെയ്യാൻ കഴിയില്ല.' അതുകൊണ്ട് നിങ്ങൾ മാലിക്ക് പറയുന്നത് കേൾക്കുക. അങ്ങനെ അവർ അതുപോലെ ചെയ്തു.

മാലിക് ദുറയ്ദിനോട് ചോദിച്ചു, 'ഇതല്ലാതെ മറ്റെന്തെങ്കിലും അഭിപ്രായമുണ്ടോ? ദുറയ്ദ് പിന്നീട് നല്കിയ അഭിപ്രായത്തോട് യോജിച്ചു കൊണ്ട് മാലിക് തന്റെ കൂട്ടുകാരോട് പറഞ്ഞു: നിങ്ങൾ താഴ്വരകളുടെയും മലയിടുക്കുകളുടെയും അടിഭാഗത്ത് ഒളിക്കുക. ആദ്യ ആക്രമണം തന്നെ ഒന്നിച്ച് നടത്തുക, അങ്ങനെ ഇസ്‌ലാമിക സൈന്യത്തെ പരാജയപ്പെടുത്താൻ കഴിയും.'

നബി തിരുമേനി (സ)ക്ക് ബനൂ ഹവാസിന്റെ തയ്യാറെടുപ്പുകളെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ അവരുടെ സൈന്യത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ വേണ്ടി ഹസ്രത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഹദ്രദ് അസ്ലമിയെ അയച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂ ഹദ്രദ് അസ്ലമി ഹവാസിന്റെ സൈന്യത്തിൽ പ്രവേശിക്കുകയും അവരോടൊപ്പം നടന്ന് എല്ലാ വിവരങ്ങളും ശേഖരിക്കുകയും ചെയ്തു. അദ്ദേഹം ഒന്നോ രണ്ടോ ദിവസം അവരോടൊപ്പം തങ്ങി. പിന്നീട് അബ്ദുല്ലാഹ് ബിൻ അബൂ ഹദ്രദ് നബി തിരുമേനി (സ) യുടെ അടുത്ത് വന്ന് എല്ലാ വിവരങ്ങളും അറിയിച്ചു. അങ്ങനെ നബി തിരുമേനി (സ) ഏറ്റുമുട്ടലിന് തയ്യാറെടുക്കാൻ നിർബന്ധിതനായി.

നബി തിരുമേനി (സ) ബനൂ ഹവാസിനെ നേരിടാൻ വേണ്ടി മക്കയിൽ നിന്ന് പുറപ്പെടുന്നതിന് മുൻപ് പരിശോധന നടത്തിയപ്പോൾ, നടക്കാൻ പോകുന്ന യുദ്ധത്തിന് ഇസ്‌ലാമിക സൈന്യത്തിന്റെ പക്കൽ ആവശ്യമായ യുദ്ധസാമഗ്രികൾ വളരെ കുറവായിരുന്നു. ഈ കുറവ് നികത്താൻ വേണ്ടി നബി (സ) മക്കയിലെ ധനികനായ പ്രമാണി സഫ്‌വാൻ ബിൻ ഉമയ്യയോട്- അപ്പോൾ അദ്ദേഹം അവിശ്വാസിയായിരുന്നു-ചില ആയുധങ്ങൾ കടം ചോദിച്ചു. അതുപോലെ, നബി (സ) തന്റെ പിതൃസഹോദര പുത്രനായ നൗഫൽ ബിൻ ഹാരിസിൽ നിന്ന് മൂവായിരം കുന്തങ്ങൾ കടം വാങ്ങി. എന്നിട്ട് പറഞ്ഞു, ഞാൻ നിന്റെ ഈ കുന്തങ്ങൾ ശത്രുവിന്റെ മുതുകിൽ ആഴത്തിൽ പതിക്കുന്നത് കാണുന്നു.' നബി (സ) യുടെ ഈ പ്രസ്താവനയിൽ ശത്രുക്കൾ പരാജയപ്പെട്ട് ഓടുകയും അവർക്ക് വലിയതോതിൽ ജീവനഷ്ടം സംഭവിക്കുകയും ചെയ്യുമെന്ന പ്രവചനമുണ്ടായിരുന്നു. അതുപോലെ, ഇബ്ൻ അബൂ റബീഅയിൽ നിന്നും ചില ആയുധങ്ങൾ കടം വാങ്ങി.

നബി തിരുമേനി (സ)യുടെ ഉന്നത ധാർമികഗുണങ്ങളുടെ പ്രഭാമയമായ ഒരു വശം ഇവിടെ ശ്രദ്ധേയമാണ്. അവിടുന്ന് മക്ക കീഴടക്കി, ഇപ്പോൾ മക്ക പരാജയപ്പെട്ട ഒരു സമൂഹമായിരുന്നു. യുദ്ധനിയമങ്ങളും ആചാരങ്ങളും അനുസരിച്ച്, വിജയിച്ചവർക്ക് പരാജയപ്പെട്ടവരുടെ സ്വത്തുക്കളുടെ ഉടമസ്ഥരാകാൻ അവകാശമുണ്ട്. എന്നാൽ  യുദ്ധത്തിന് ആയുധങ്ങൾ ആവശ്യമായി വന്നപ്പോൾ, ഓരോ ആയുധവും കടം വാങ്ങുകയാണുണ്ടായത്. എത്ര ആയുധങ്ങൾ എടുക്കുന്നുവോ അത്രയും തന്നെ തിരികെ തരുമെന്ന് വാഗ്ദാനവും നൽകി. അതുപോലെ, അബൂ ജഹലിന്റെ വളർത്തച്ഛൻ അബ്ദുല്ലാഹ് ബിൻ അബീ റബീഅയിൽ നിന്ന് നബി (സ) മുപ്പത്-നാൽപ്പതിനായിരം ദിർഹം കടം വാങ്ങിരുന്നു. ഒരു നിവേദനമനുസരിച്ച്, ഇവർ മക്ക വിജയത്തിന്റെ ദിവസം തന്നെ ഇസ്‌ലാം സ്വീകരിച്ചിരുന്നു എന്നാണ് പറയപ്പെടുന്നത്. ഇതിന് വിശദീകരമായി ഹുസൂർ തിരുമനസ്സ് പറഞ്ഞു: അവിടുന്ന് വിവിധ ആവശ്യങ്ങൾക്കായി ഈ പണം കടം വാങ്ങിയതാവാം. സാമ്പത്തിക സഹായവും നഷ്ടപരിഹാരവും നല്കാൻ വേണ്ടി വാങ്ങിയതാവാം. അല്ലാഹു അഅ്‌ലം. ഇതിന്റെ ബാക്കി വിശദാംശങ്ങൾ പിന്നീട് ഞാൻ വിവരിക്കുന്നതാണ്, ഇൻശാ അല്ലാഹ്.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു: നമസ്കാരത്തിന് ശേഷം ഞാൻ രണ്ട് ജനാസ നമസ്കാരം നിർവഹിക്കുന്നതാണ്. ഒന്ന്, ബഹുമാന്യ ഖ്വാജാ മുഹ്താർ അഹ്മദ് ഭട്ട് സാഹിബിന്റേതാണ്, അദ്ദേഹം ഖ്വാജാ അബ്ദുർറഹ്മാൻ സാഹിബ് സിയാൽകോട്ടിന്റെ മകനായിരുന്നു. കേന്ദ്ര തലത്തിൽ, ഫസ്ൽ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറായും, റബ്‌വാ ദാറുൽ ഖസാഇൽ നിരവധി വർഷം ഖാസിയായും അദ്ദേഹം സേവനം ചെയ്തു. ഖസാഇൽ അദ്ദേഹത്തോടൊപ്പം കുറച്ചുകാലം ഞാനും

ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹം നല്ല അഭിപ്രായങ്ങൾ നൽകുന്ന വ്യക്തിയും വളരെ വിനയാന്വിതനുമായിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് എപ്പോഴും ബന്ധമുണ്ടായിരുന്നു, പിന്നീട് എന്നോടും നല്ല ബന്ധമുണ്ടായിരുന്നു. 2002-ൽ അദ്ദേഹം കാനഡയിലേക്ക് താമസം മാറി, അവിടെ റീജിയണൽ അമീർ ആയി സേവനം ചെയ്തു പോന്നു.

രണ്ടാമത്തെ ജനാസ നമസ്കാരം നസീർ അഹ്മദ് സാഹിബിന്റെ ഭാര്യ സഈദ ബീഗം സാഹിബയുടേതാണ്, അവർ ഇന്ത്യക്കാരിയാണ്. അവരും കഴിഞ്ഞ ദിവസങ്ങളിൽ എഴുപത്തിയഞ്ച് വയസ്സിൽ അന്തരിച്ചു. 'ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ'. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ 'മൂസിയ' ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവ്, മൂന്ന് പെൺമക്കൾ, നാല് ആൺമക്കൾ എന്നിവരുണ്ട്. ഖാദിയാനിലെ നായിബ് നാസിർ ഇസ്‌ലാഹ് വ ഇർഷാദായ താഹിർ അഹ്മദ് താരിഖ് സാഹിബിന്റെ മാതാവായിരുന്നു അവർ. ജമാഅത്തിന്റെ പ്രതിനിധിയായി താഹിർ അഹ്മദ് സാഹിബ് ഇംഗ്ലണ്ടിൽ വന്നിരിക്കുകയായിരുന്നു. ഈ സമയം അദ്ദേഹത്തിന്റെ മാതാവ് വഫാത്തായി. അതുകൊണ്ട് അദ്ദേഹത്തിന് ജനാസ നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അവരുടെ ഇളയ മകൻ ശബീർ അഹ്മദ് സാഹിബ് സിൽസിലയിലെ മുഅല്ലിമാണ്. അതുപോലെ അവരുടെ മകൾ സിൽസിലയിലെ മുബല്ലിഗ് ജബ്ബാർ സാഹിബിന്റെ ഭാര്യയാണ്. ബാക്കിയുള്ള രണ്ട് ആൺമക്കളും ജമാഅത്തിനെ സേവിക്കുന്നവരാണ്. വളരെ സേവനം ചെയ്യുന്ന ഒരു കുടുംബമാണ്. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അലൈഹിസ്സലാം)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് ഖാസി മുഹമ്മദ് അക്ബർ ഭട്ടി സാഹിബിലൂടെയാണ് അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രചരിച്ചത്. വളരെ ദീനീ ബോധമുള്ളവരായിരുന്നു. നമസ്കാരനോമ്പാദികൾ കൃത്യമായി അനുഷ്ഠിച്ചിരുന്നു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 22.08.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF MOHAMMED
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516